# മലയാള ഭാഷാസാഹിത്യ ബിരുദ പഠനത്തിന്റെ പൊതു ഉദ്ദേശ്യങ്ങളും ഫലങ്ങളും

1. മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും കാലം, ചരിത്രം, ദേശം, പ്രവണതകൾ, പ്രസ്ഥാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ അറിവു നേടുന്നു. കേട്ടും വായിച്ചും അനായാസം ആശയധാരണ നേടുന്നു. ഔപചാരികവും അനൗപചാരികവുമായ സന്ദർഭങ്ങളിൽ ഭാഷ ശക്തമായി ഉപയോഗിക്കുന്നു. ശക്തമായും ഫലപ്രദമായും സർഗാത്മകമായും ഭാഷയിൽ എഴുതി പ്രകടിപ്പിക്കാൻ കഴിയുന്ന തരത്തിൽ തനതായ ശൈലി വികസിപ്പിക്കുന്നു.

2. മലയാള സാഹിത്യത്തിലും ഭാഷയിലും ഉള്ള അറിവിനെ ബഹുവൈജ്ഞാനിക (Multi Disciplinary) മായും അന്തർവൈജ്ഞാനിക (Inter Disciplinary) മായും നോക്കിക്കാണുന്നതിനും സ്വായ മാക്കുന്നതിനും കഴിയുന്നു. വിവിധ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട പഠിതാക്കൾക്ക് അവരുടെ ജ്ഞാനത്തെ മാതൃഭാഷയുമായി ബന്ധിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നു. അങ്ങനെ സർഗാത്മകരചനകളിൽ ഏർപ്പെടുന്നതിനും രചനകളിലെ സർഗാത്മകത തിരിച്ചറിയുന്നതിനും കഴിയുന്നു.

3. വിജ്ഞാനത്തിന്റെ സ്വാംശീകരണം, സംരക്ഷണം, വിതരണം, വിമർശനം, നവീകരണം എന്നിവ ഫലപ്രദമായി നിർവഹിക്കുന്നതിന് പഠിതാവിന് സാധ്യമാകുന്നു.

4. ഇന്ത്യൻസാഹിത്യത്തെയും ലോകസാഹിത്യത്തെയും സാമാന്യമായി പരിചയപ്പെടുന്നു. സാഹിത്യസൃഷ്ടികളെ വിശകലനം ചെയ്യുന്നതിനും വിലയിരുത്തുന്നതിനും കഴിയുന്നു.

5. ഭാഷാപരവും സാഹിതീയവുമായ വ്യവഹാരങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നതിന് പ്രാപ്തരാകുന്നു.

6. മലയാള ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയെ വിശകലനം ചെയ്യുന്നതിന് ആവശ്യമായ സംസ്കാരിക പഠനത്തിന്റെ രീതിശാസ്ത്രവും സിദ്ധാന്തവും സാമാന്യമായി പരിചയപ്പെടുന്നു.

7. കേരളത്തിന്റെ സാംസ്കാരികചരിത്രത്തെക്കുറിച്ചുള്ള ധാരണ നേടുന്നു. മലയാളഭാഷയ്ക്കും സാഹിത്യത്തിനും വിവിധ കാലങ്ങളിൽ സംഭവിച്ച പരിണാമങ്ങളെയും വളർച്ചയെയും സാംസ്കാരികമായ കാഴ്ചപ്പാടിലൂടെ ഉൾക്കൊള്ളുന്നു. കേരളത്തിന്റെ സാംസ്കാരികവ്യതിരിക്തതകളെ തിരിച്ചറിയുന്നതിനും അഭിലഷണീയമായ രീതിയിൽ അവയെ പുനർനിർമ്മിക്കുന്നതിനുമുള്ള ശേഷി കൈവരിക്കുന്നു.

8.. വിവിധ സൗന്ദര്യശാസ്ത്രസമീപനങ്ങളെ പരിചയപ്പെടുകയും പാശ്ചാത്യ പൗരസ്ത്യ സാഹിത്യദർശനങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യുന്നു

9. കേരളീയ കലാരൂപങ്ങളെ പഠിക്കുകയും അവയുടെ സാംസ്കാരികപ്രാധാന്യത്തെ തിരിച്ചറിയുകയും ചെയ്യുന്നു.

10. മലയാളഭാഷയുടെ വ്യാകരണനിയമങ്ങൾ മനസ്സിലാക്കുകയും ഭാഷാപ്രയോഗങ്ങളിൽ അവ പാലിക്കുന്നതിന് കഴിവ് നേടുകയും ചെയ്യുന്നു.

11. ആധുനിക ഭാഷാശാസ്ത്രത്തിന്റെ സാമാന്യസങ്കല്പങ്ങളെ സംബന്ധിച്ച് ധാരണ നേടുന്നു.

12. മലയാളസാഹിത്യവിമർശനത്തിന്റെ ചരിത്രവും വേറിട്ടവഴികളും വിമർശനാത്മകമായി വിലയിരുത്തുന്നു.

13. ഗദ്യസാഹിത്യത്തിന്റെ വഴികളും രൂപവൈവിധ്യങ്ങളും സംബന്ധിച്ച് ധാരണ നേടുന്നു. ഉചിതമായ രീതിയിൽ ഗദ്യരചനകൾ നടത്തുന്നു.

14. ദൃശ്യ, ശ്രാവ്യ, അച്ചടി – മാധ്യമങ്ങളിലൂടെയുള്ള ഭാഷാവ്യവഹാരങ്ങളിൽ ധാരണ നേടുകയും അവയിൽ സർഗാത്മകമായ ആവിഷ്കാരങ്ങൾ നടത്തുകയും ചെയ്യുന്നു.

15. കേരളീയ കലകളുടെ രൂപപ്പെടൽ, വികാസം, എന്നിവയുടെ ചരിത്ര, പ്രത്യയശാസ്ത്ര പരിസരങ്ങളെക്കുറിച്ച് ധാരണ വികസിക്കുന്നു.

16. സ്ത്രീയവസ്ഥകൾ, സ്ത്രീമുന്നേറ്റങ്ങൾ, ചരിത്രഘട്ടങ്ങൾ, സൈദ്ധാന്തിക പരിസരം, ലിംഗപദവി, ലൈംഗികാഭിമുഖ്യം, ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിവ സംബന്ധിച്ച് ധാരണനേടുന്നു.

17. ദളിത് ഭാഷാസാഹിത്യ പാരമ്പര്യത്തിന്റെ സാംസ്കാരിക പ്രാധാന്യം ഉൾക്കൊള്ളുന്നു.

18. വിവർത്തനത്തിന്റെ സാദ്ധ്യത, പ്രസക്തി, സർഗാത്മകത, സിദ്ധാന്തം എന്നിവയെ സംബന്ധിച്ച ധാരണ നേടുന്നു. ഇതര ഭാഷകളിൽ നിന്ന് മലയാളത്തിലേക്കും മലയാളത്തിൽനിന്ന് ഇതര ഭാഷകളിലേക്കും വിവർത്തനം ചെയ്യുന്നതിനുള്ള പ്രാപ്തി നേടുന്നു

19. ഭാഷാസാങ്കേതികതയിൽ പരിജ്ഞാനം നേടുന്നു. കമ്പ്യൂട്ടിംഗ്, വെബ് ഡിസൈനിംഗ്, പത്രം, ബ്ലോഗ് എന്നിവ മാതൃഭാഷയിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുന്നതിനും അങ്ങനെ ഭാഷാപോഷണത്തിൽ ഏർപ്പെടുന്നതിനും സാധ്യമാകുന്നു.

20. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ സൈദ്ധാന്തികവും പ്രായോഗികവുമായ ഭാഷാനൈപുണികൾ വികസിപ്പിക്കുന്നു.

21. ഗവേഷണാഭിരുചി വികസിക്കുകയും ഭാഷ സംസ്കാരം സാഹിത്യം എന്നി വിഷയമേഖലകളിൽ ശാസ്ത്രീയമായ ഗവേഷണം നടത്താനുള്ള പ്രാഥമിക പരിശീലവും രീതിശാസ്ത്ര പരിജ്ഞാനവും പ്രായോഗിക പരിചയവും നേടുന്നു.

## കോംപ്ലിമെന്ററി കോഴ്സ്

### കേരളപഠനം (ഒന്ന് മുതൽ നാലുവരെയുള്ള സെമസ്റ്ററുകളിലേക്ക്)

1. കേരളത്തിന്റെ സാംസ്കാരികചരിത്രത്തെക്കുറിച്ചുള്ള ധാരണ നേടുന്നു. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും വിവിധ കാലങ്ങളിൽ സംഭവിച്ച വളർച്ചയെയും പരിണാമങ്ങളെയും സാംസ്കാരികമായ കാഴ്ചപ്പാടിലൂടെ ഉൾക്കൊള്ളുന്നു. കേരളത്തിന്റെ സാംസ്കാരികവൈവിധ്യങ്ങളെ തിരിച്ചറിയുന്നു. അഭിലഷണീയമായ രീതിയിൽ അതിനെ പുനർനിർമിക്കുന്നു.

2. കേരളീയ കലാരൂപങ്ങളെ പഠിക്കുകയും അവയുടെ സാംസ്കാരിക പ്രാധാന്യത്തെ തിരിച്ചറിയുകയും ചെയ്യുന്നു. അത്തരം കലാരൂപങ്ങളെ ഉചിതമായ സന്ദർഭങ്ങളിൽ പുനരാവിഷ്കരിക്കാനുള്ള പ്രാപ്തി നേടുന്നു
3. കേരളത്തിന്റെ സാംസ്കാരികവും പ്രാദേശികവും ജൈവികവുമായ വ്യത്യസ്തതകളെ മനസ്സിലാക്കുകയും ടൂറിസം, ജൈവശവേഷണം, പാരിസ്ഥിതിക വികസനം എന്നി വിഷയങ്ങളിൽ ഇടപെടാൻ വിദ്യാർഥികൾ പരിശീലനം നേടുന്നു
4. പ്രാദേശികമായ ചരിത്രരചനയിൽ പരിശീലനം നേടുന്നു. സ്വന്തം പ്രദേശത്തിന്റെ സാംസ്കാരികവും ചരിത്രപരവുമായ വൈവിധ്യങ്ങളെ രേഖപ്പെടുത്തുന്നു

## കോർകോഴ്സ് മലയാളം

### നവോത്ഥാന മലയാള കവിത (MAL1B01)

1. മലയാളകവിതയുടെ നവോത്ഥാനഘട്ടത്തിലെ പ്രത്യേകതകൾ മനസ്സിലാക്കുന്നു
2. കവിതരചനയിൽ താല്പര്യമുള്ള വിദ്യാർഥികൾ പുതിയ കാവ്യഭാവുകത്വത്തെ ഉൾക്കൊള്ളുന്നു
3. മലയാള നവോത്ഥാനകവിതകളെ പുതിയ സാഹിത്യസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ നിരൂപണപഠനങ്ങൾക്ക് വിധേയമാക്കുന്നു
4. മലയാള കാവ്യവായനയിൽ താല്പര്യമുണ്ടാകുന്നു

### കഥാസാഹിത്യം (MAL2B02)

1. ചെറുകഥകളുടെ രചനാരീതി മനസ്സിലാക്കുന്നതോടെ പുതിയ ഭാഷയിലും ഭാവുകത്വത്തിലും ചെറുകഥകൾ രചിക്കുവാൻ താല്പര്യമുണ്ടാകുന്നു
2. പുതിയ ചെറുകഥകളെയും മലയാള സാഹിത്യത്തിലെ ശ്രദ്ധേയമായ ചെറുകഥകളെയും വിശകലനത്തിനും പഠനത്തിനും വിധേയമാക്കുന്നു.
3. മലയാള ചെറുകഥ വായനയിൽ താല്പര്യം വർദ്ധിക്കുന്നു

### നവീന മലയാള കവിത (MAL3B03)

1. മലയാളത്തിലെ സമകാലിക കവിതകളുടെ രചനാരീതി ഉൾക്കൊള്ളുകയും നവഭാവുകത്വത്തിൽ പുതിയ കവിതകൾ രചിക്കുവാൻ താല്പര്യമുള്ള വിദ്യാർഥികൾ പുതിയ കാവ്യഭാഷ സ്വായത്തമാക്കുന്നു

2. മലയാളത്തിൽ രചിക്കപ്പെടുന്ന സമകാലിക കവിതകളെ വിമർശനാത്മകമായി സമീപിക്കുകയും അവയെക്കുറിച്ച് നിരൂപണ പഠനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു
3. സാമൂഹിക പ്രാധാന്യമുള്ള വിഷയങ്ങളിൽ മുദ്രാവാക്യം, കാവ്യാത്മകമായ പോസ്റ്റർ വാക്യങ്ങൾ എന്നിവ നിർമിക്കാൻ പരിശീലനം നേടുന്നു

<u>ദൃശ്യകലാ സാഹിത്യം (MAL3B04)</u>

1. നാടകരചനകൾ നടത്തുകയും നാടകങ്ങൾ സംവിധാനിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു.
2. നാടകവിമർശനം നടത്തുകയും അവതരിപ്പിക്കപ്പെടുന്ന നാടകങ്ങളെക്കുറിച്ച് പഠനങ്ങൾ തയ്യാറാക്കുന്നു.
3. നാടകത്തിന്റെ വിവിധ തലങ്ങളുടെ (സംഗീതം, രംഗവേദി, ചമയം...) നിർമാണത്തിലും അവതരണത്തിലും പ്രായോഗിക പരിശീലനം നേടുന്നു
4. കേരളീയമായ വിവിധ രംഗകലകളെ നാടകം സിനിമ എന്നിവയോട് ബന്ധിപ്പിച്ച് പരിഷ്കരിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു.
5. സിനിമ മേഖലയിൽ പുതിയ രചനകൾ നടത്തുവാനുള്ള പ്രായോഗിക പരിശീലനം നേടുന്നു
6. സിനിമ പഠനം, നിരൂപണം എന്നിവ തയ്യാറാക്കുന്നു

<u>പ്രാചീന മധ്യകാല മലയാള കവിത (MAL4B05)</u>

1. മലയാളത്തിന്റെ പ്രാചീന കാവ്യഭാഷയിൽ നേടിയ അറിവിന്റെ വെളിച്ചത്തിൽ പുതിയ പഠനങ്ങളിൽ ഏർപ്പെടുന്നു
2. പ്രാചീന കവിതകളെ പുതിയ കാഴ്ചപ്പാടിൽ വിശകലനം ചെയ്യുന്നു
3. പ്രാചീന കവിതകളിലെ സാംസ്കാരികമായ പ്രത്യേകതകളെ സംസ്കാരപഠനം, ചരിത്രരചന എന്നിവയിൽ പ്രയുക്തമാക്കുന്നു.
4. നാടൻ പാട്ടിനെക്കുറിച്ച് അന്വേഷിക്കുകയും അവ ശേഖരിക്കുകയും ചെയ്യുന്നു

<u>മലയാള നോവൽ സാഹിത്യം (MAL4B06)</u>

1. നോവൽ രചനയിൽ പ്രായോഗിക പരിശീലനം നേടുന്നു
2. മലയാളത്തിലെ പ്രമുഖ നോവലുകളെ വിമർശനാത്മകമായി വിശകലനം ചെയ്യുന്നു
3. നോവലുകളിൽ തെളിയുന്ന ചരിത്രാഖ്യാനങ്ങളെ കേരള സംസ്കാര ചരിത്ര രചനയിൽ ഉപയോഗിക്കുന്നു.

<u>മലയാള വ്യാകരണം (MAL5B07)</u>

1. മലയാള ഭാഷാരൂപീകരണസിദ്ധാന്തങ്ങളെ പുനഃപ്പരിശോധിക്കുകയും പുതിയ പഠനങ്ങളിൽ അവ ഉപയുക്തമാക്കുകയും ചെയ്യുന്നു.
2. മലയാള വ്യാകരണത്തെ പുതിയ കാലത്തിന്റെ ഭാഷയോട് താരതമ്യംചെയ്ത് പ്രയുക്തവ്യാകരണത്തിൽ നിരീക്ഷണങ്ങൾ സ്വരൂപിക്കുന്നു.
3. ആശയക്കുഴപ്പം ഇല്ലാത്തതും സുന്ദരവുമായ ഭാഷയിൽ എഴുതാൻ കഴിവുനേടുന്നു
4. പ്രൂഫ് റീഡിംഗ്, ഭാഷാ എഡിറ്റിംഗ് എന്നിവയിൽ പ്രായോഗിക പരിശീലനം സിദ്ധിക്കുന്നു

<u>പാശ്ചാത്യസാഹിത്യ സിദ്ധാന്തങ്ങൾ (MAL5B08)</u>

1. മലയാളകൃതികളെ പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ പഠിക്കുന്നു
2. പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങളെ വിമർശനാത്മകമായി പുനഃപ്പരിശോധിക്കുന്നു

<u>മലയാള സാഹിത്യ വിമർശനം (MAL5B09)</u>

1. വിവിധ വിമർശനപദ്ധതികളുടെ പ്രായോഗികമാതൃകകൾ അനുവർത്തിച്ച് നിരൂപണ ലേഖനങ്ങൾ തയ്യാറാക്കുന്നു
2. മലയാളത്തിലെ സമകാലിക രചനകളെ സാഹിത്യസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്യുന്നു
3. മലയാളസാഹിത്യത്തിലെ പുതിയ പ്രവണതകളെ തിരിച്ചറിയുന്നു

<u>നാടോടി വിജ്ഞാനീയം (MAL5B10)</u>

1. സ്വന്തം പ്രദേശത്തിന്റെ സാംസ്കാരികവൈവിധ്യങ്ങളെ തിരിച്ചറിയുകയും അത്തരം വിജ്ഞാനീയങ്ങളെ ശേഖരിക്കുകയും ചെയ്യുന്നു.
2. ശേഖരിക്കപ്പെട്ട നാടോടി വാങ്മയങ്ങളെ ഭാഷാപരവും സാംസ്കാരികവുമായ വിശകലനങ്ങൾക്ക് വിധേയമാക്കുന്നു.
3. അപൂർവ വാമൊഴികൾ രേഖപ്പെടുത്തുകയും അവ ചേർത്ത് ബുള്ളറ്റിനുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു
4. നാടൻ കലകളുടെ വീഡിയോ ഓഡിയോ റെക്കോർഡുകൾ തയ്യാറാക്കുന്നു

<u>ഭാഷാശാസ്ത്രവും ഭാഷാചരിത്രവും (MAL6B11)</u>

1. പുതിയ ഭാഷാശാസ്ത്ര സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ മലയാളഭാഷയെ പഠനവിധേയമാക്കുന്നു
2. പ്രാദേശിക ഭാഷാഭേദ പദങ്ങളെ ശേഖരിക്കുകയും അവയുടെ നിഘണ്ടു തയ്യാറാക്കുകയും ചെയ്യുന്നു
3. സിനിമ, ടെലിവിഷൻ, ഓൺലൈൻ വീഡിയോകൾ, സോഷ്യൽ മീഡിയ എന്നീ നവമാധ്യമങ്ങളിലെ ഭാഷാരീതികളെ പഠനവിധേയമാക്കുന്നു
4. മലയാളം ടൈപ്പിംഗിൽ പ്രായോഗിക പരിശീലനം നേടുന്നു.
5. മാതൃഭാഷാ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നു

<u>ഗദ്യസാഹിത്യം (MAL6B12)</u>

1. മലയാളത്തിലെ പുതിയ ഗദ്യമാതൃകകളിൽ രചനകൾ നടത്തുന്നു
2. പ്രാചീന മലയാള ഗദ്യരൂപങ്ങളെ താരതമ്യവിശകലനത്തിന് വിധേയമാക്കുകയും അവയിൽ നിന്ന് ഉരുത്തിരിയുന്ന സാംസ്കാരികവും ചരിത്രപരവുമായ ഘടകങ്ങളെ രേഖപ്പെടുത്തുകയും ചെയ്യുന്നു
3. മലയാള ഗദ്യത്തിന്റെ വളർച്ചയുടെ ചരിത്രത്തിൽ പ്രാദേശികമായ ഗദ്യമാതൃകകളെക്കൂടി ഉൾപ്പെടുത്താൻ അവയുടെ ശേഖരണം നടത്തുന്നു.

<u>പൗരസ്ത്യ സിദ്ധാന്തങ്ങൾ (MAL6B13)</u>

1. പൗരസ്ത്യ കാവ്യസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ മലയാള രചനകളുടെ നിരൂപണം ചെയ്യുന്നു

2. ഭാരതീയ സൗന്ദര്യസിദ്ധാന്തങ്ങളെ സിനിമ, സോഷ്യൽമീഡിയ ആക്ടിവിറ്റികൾ, നവമാധ്യമസാഹിത്യം എന്നിവയിൽ പ്രയോഗിച്ച് പഠനം നടത്തുന്നു
3. സിനിമ ഗാനങ്ങൾ, മാപ്പിളപ്പാട്ടുകൾ, നാടൻപാട്ടുകൾ എന്നിവയിവയിലെ വൃത്തം, അലങ്കാരം എന്നിവയെക്കുറിച്ച് പഠനം നടത്തുന്നു.

<u>നവസംസ്കാര പഠനങ്ങൾ (MAL6B14)</u>

1. സംസ്കാരപഠനത്തിന്റെ ശ്രദ്ധയിൽ വരാത്ത പ്രാദേശികതനിമകളെയും ജനപ്രിയ ജീവിതരീതികളെയും കുറിച്ച് പഠനം നടത്തുന്നു.
2. കേരളത്തിലെ പ്രാദേശിക വാട്സാപ് കൂട്ടായ്മകൾ, കുടുംബ സംഗമങ്ങൾ എന്നിവയുടെ സാംസ്കാരികമായ പ്രത്യേകതകളെക്കുറിച്ച് സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രമനുസരിച്ച് പഠനം നടത്തുന്നു
3. ദലിത് വിഭാഗങ്ങളുടെ കല, സാംസ്കാരിക സവിശേഷതകൾ എന്നിവയെക്കുറിച്ച് സത്താപരമായ അന്വേഷണങ്ങൾ നടത്തി രേഖകൾ തയ്യാറാക്കുന്നു
4. പ്രാദേശിക ചെറുത്തുനിൽപ്പുകളുടെ ചരിത്രം രചിക്കുന്നു

<u>ഗവേഷണ രീതി ശാസ്ത്രം:(MAL6 B1 6)</u>

1. വിദ്യാർത്ഥികളിൽ ഗവേഷണാഭിമുഖ്യവും യുക്തിഭദ്രമായ വിശകലനശേഷിയും ഉണ്ടാകുന്നു
2. അക്കാദമികമായ എഴുത്തുഭാഷയും രീതിശാസ്ത്രവും പരിചയിക്കുന്നു
3. സാഹിത്യ സാംസ്കാരിക ഗവേഷണ പഠനങ്ങളിൽ ഇടപെടുകയും ഉചിതമായ രീതിയിൽ പ്രയോഗിക്കുകയും ചെയ്യുന്നു
4. അക്കാദമിക പഠനങ്ങളുടെ വിവിധ രീതിശാസ്ത്രങ്ങളെക്കുറിച്ച് സാമാന്യമായ അറിവ് നേടുന്നു

<u>സ്ത്രീപഠനങ്ങൾ (MAL6B17, ഇലക്ടിവ് 1)</u>

1. സമൂഹത്തിലെ സ്ത്രീ പുരുഷ അസമത്വങ്ങളെക്കുറിച്ച് ധാരണ നേടുകയും അവ ഇപ്പോഴും നിലനിൽക്കുന്ന മേഖലകളെക്കുറിച്ച് പഠനം നടത്തുകയും ചെയ്യുന്നു
2. മലയാളത്തിലെ സാഹിത്യരചനകളിലും സിനിമകളിലും മറ്റു വ്യവഹാരങ്ങളിലുമുള്ള സ്ത്രീവിരുദ്ധമായ ഘടകങ്ങളെ പരിശോധിക്കുകയും അവയെ വിശകലനവിധേയമാക്കുകയും ചെയ്യുന്നു
3. പ്രാദേശികമായ സ്ത്രീമുന്നേറ്റങ്ങളെക്കുറിച്ചും ശാക്തീകരിക്കപ്പെട്ട സ്ത്രീവ്യക്തികളെക്കുറിച്ചും അഭിമുഖ രേഖകൾ തയ്യാറാക്കുന്നു.
4. ലിംഗാവബോധത്തെ പ്രചരിപ്പിക്കുന്ന ആവിഷ്കാരങ്ങൾ നടത്തുന്നു

<u>മാധ്യമപഠനം (MAL6B18, ഇലക്ടിവ് 2)</u>

1. പ്രാദേശികമായ പ്രസിദ്ധീകരിക്കപ്പെട്ട മാസികകളെക്കുറിച്ച് പഠനം നടത്തുകയും അവയുടെ പഴയ ലക്കങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു

2. പ്രാദേശിക സംഭവങ്ങളിൽ എഴുത്ത്, അഭിമുഖം, റിപ്പോർട്ടിംഗ്, വീഡിയോ ഡോക്യുമെന്റേഷൻ എന്നിവ തയ്യാറാക്കുന്നു
3. ടി വി ആങ്കറിംഗ്, വാർത്താവായന എന്നിവയിൽ പരിശീലനം നേടുന്നു
4. പ്രൂഫ് റീഡിംഗ് പ്രായോഗികമായി പരിശീലിക്കുന്നു
5. സൈബർ രംഗത്തെ മാധ്യമമേഖലയിൽ ഇടപെടുന്നു
6. പഠനത്തിന്റെ ഭാഗമായി മാസിക, പുസ്തകങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുന്നു

<u>സൈബർ മലയാളം (MAL6B19, ഇലക്ടീവ് 3)</u>

1. സൈബർ രചനകൾ പ്രസിദ്ധീകരിക്കുന്നു
2. സൈബർ രചനകളുടെ എഡിറ്റിംഗിൽ പരിശീലനം നേടുന്നു
3. മലയാളം കംപ്യൂട്ടിംഗിൽ പ്രായോഗികമായ പരിശീലനം നേടുന്നു
4. ഇന്റർനെറ്റ് ഉള്ളടക്കനിർമിതിൽ പ്രായോഗിക പരിശീലനം നല്കുകയും ക്രിയാത്മകമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു
5. മലയാളം ടൈപ്പിംഗ് പരിശീലിക്കുന്നു

<u>ഓപ്പൺ കോഴ്സ്</u>

<u>ചലച്ചിത്ര പഠനം (MAL5D01)</u>

1. ക്യാമ്പസ് ഫിലിം ക്ലബ് രൂപീകരിക്കുന്ന
2. വീഡിയോ നിർമാണങ്ങൾ നടത്തുന്നു
3. സിനിമയുടെ എല്ലാ മേഖലയിലും പ്രായോഗിക പരിശീലനം നേടുന്നു

<u>സാഹിത്യവും സർഗാത്മക രചനയും ((MAL5D02)</u>

1. സർഗാത്മക രചനകളിൽ ഏർപ്പെടുന്നു
2. പുസ്തകപ്രസാധനരംഗത്ത് പ്രായോഗിക പരിശീലനം നേടുന്നു
3. സർഗാത്മക കൃതികളുടെ എഡിറ്റിംഗ് രംഗത്ത് പരിശീലനം നേടുന്നു
4. ക്രിയേറ്റീവ് റൈറ്റിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു

<u>സ്ത്രീപഠനങ്ങൾ (MAL5D03)</u>

1. സമൂഹത്തിലെ സ്ത്രീ പുരുഷ അസമത്വങ്ങളെക്കുറിച്ച് ധാരണ നേടുകയും അവ ഇപ്പോഴും നിലനിൽക്കുന്ന മേഖലകളെക്കുറിച്ച് പഠനം നടത്തുകയും ചെയ്യുന്നു
2. മലയാളത്തിലെ സാഹിത്യരചനകളിലും സിനിമകളിലും മറ്റു വ്യവഹാരങ്ങളിലുമുള്ള സ്ത്രീവിരുദ്ധമായ ഘടകങ്ങളെ പരിശോധിക്കുകയും അവയെ വിശകലനവിധേയമാക്കുകയും ചെയ്യുന്നു
3. പ്രാദേശികമായ സ്ത്രീമുന്നേറ്റങ്ങളെക്കുറിച്ചും ശാക്തീകരിക്കപ്പെട്ട സ്ത്രീവ്യക്തികളെക്കുറിച്ചും അഭിമുഖ രേഖകൾ തയ്യാറാക്കുന്നു
4. ലിംഗാവബോധത്തെ പ്രചരിപ്പിക്കുന്ന ആവിഷ്കാരങ്ങൾ നടത്തുന്നു